**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 199** **23-01-2025 - ൽ മറുപടിയ്ക്ക്**

**പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററായ പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിലെ പ്രാഥമിക ആരോഗ്യ പരിശീലന കേന്ദ്രമാണ്. ഈ സ്ഥാപനത്തിൽ ഒ.പി, ലാബ്, ഫാർമസി എന്നിവ കൂടാതെ 8 കിടക്കകളോട്ടു കൂടിയ ഐ.പി സൗകര്യവും ലഭ്യമാണ്. തിരുവനന്തപുരം നഗരത്തിന്റെ വടക്കു ഭാഗത്തുള്ള 11 വാർഡുകളിലായി ഒന്നര ലക്ഷത്തോളം ജനങ്ങൾക്ക് പ്രാഥമിക തല രോഗ പ്രതിരോധ (Preventive) ആരോഗ്യ പ്രോത്സാഹന (promotive) രോഗ ചികിത്സാ (Curative) പുനരധിവാസ (rehabilitate) സ്വാന്ത്വന പരിചരണ (Palliative Care) സേവനങ്ങൾ ഈ സ്ഥാപനത്തിലൂടെ നൽകി വരുന്നു. ഈ സ്ഥാപനത്തിൽ 06/10/2020 വരെ ഒ.പി സേവനവും ആരോഗ്യ വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളും മാത്രമാണ് നടന്നു വന്നിരുന്നത്. 07/10/2020 - ൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയുടെ സഹായത്തോട്ടു കൂടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും 09/08/2019 - ലെ സ.ഉ(കൈ) 128/2019/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 തസ്തികകൾ കൂടി അധികം സൃഷ്ടിക്കുകയും ചെയ്തിരുന്നു. തുടർന്ന് 8 കിടക്കകളോട്ടു കൂടിയ 24x7 കിടത്തി ചികിത്സ ആരംഭിക്കുകയും ഒ.പി, ഫാർമസി, ലാബ്, എന്നിവയുടെ പ്രവൃത്തി സമയം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുകയും ചെയ്തു. അതിനോടൊപ്പം തന്നെ നഗരസഭയുടെ സഹായത്തോട്ടു കൂടി ഡോക്ടർമാർ ഉൾപ്പെടെയുള്ള 16 ജീവനക്കാരെ താത്കാലികമായി നിയമിക്കുകയും ചെയ്തു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം നഗരസഭാ പ്രോജക്ടുകൾ പ്രകാരം ഓരോ വർഷവും ഫണ്ട് ലഭ്യമാക്കുന്നുണ്ട്. ആഴ്ച തോറും നിശ്ചിത ദിവസങ്ങളിൽ തിരുവനന്തപുരം മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജിൽ നിന്നുള്ള പീഡിയാട്രിക്ക്, സൈക്യാട്രി, ഡെന്റൽ, ഓഫ്ത്തമാൽമോളജി, ഇ.എൻ.റ്റി, ഡെർമറ്റോളജി, റെസ്പിറേറ്ററി മെഡിസിൻ, ഗൈനക്കോളജി, വിഭാഗങ്ങളുടെ ഒ.പി സേവനങ്ങളും ഇവിടെ ലഭ്യമാണ്. 2020- ന് മുമ്പ് ഈ സ്ഥാപനത്തിൽ ചികിത്സ തേടി വന്ന ഒപി രോഗികളുടെ എണ്ണം പ്രതിവർഷം ശരാശരി 80,000 ആയിരുന്നുവെങ്കിൽ 2020 - ൽ നിലവിലെ സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം പ്രതിവർഷം ഒന്നര ലക്ഷത്തോളം, രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട്. കൂടാതെ 700 ഓളം പാലിയേറ്റീവ് രോഗികൾക്കും ഈ സ്ഥാപനത്തിൽ നിന്നും തുടർ സ്വാന്ത്വന പരിചരണ നൽകി വരുന്നു. തിരുവനന്തപുരം പാങ്ങപ്പാറ ആരോഗ്യ കേന്ദ്രത്തിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ (ഞായറാഴ്ച 9 മണി മുതൽ 12 വരെ) ഒ.പി വിഭാഗം പ്രവർത്തിക്കുന്നു. ദിനംപ്രതി അഞ്ഞൂറോളം വരുന്ന രോഗികൾ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തുന്നു. രോഗികളെ (പുരുഷൻമാർ/ സ്ത്രീകൾ) കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും ഈ സ്ഥാപനത്തിൽ ഉണ്ട്. കൂടാതെ ഒബ്സർവേഷൻ, ഡ്രസിങ്, ഇ.സി.ജി തുടങ്ങിയ സൗകര്യങ്ങളും ഈ സ്ഥാപനത്തിൽ ലഭ്യമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 11 സബ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ സബ് സെൻററുകളിൽ വ്യാഴാഴ്ച ദിവസങ്ങളിൽ ജീവിത ശൈലി രോഗ ക്ലിനിക്, വെള്ളിയാഴ്ച ഗർഭിണികളുടെ പരിശോധന, തിങ്കളാഴ്ച ന്യൂട്രീഷൻ ക്ലിനിക് എന്നിവ നടത്തുന്നു. ഈ സ്ഥാപനത്തിൽ ബുധൻ, ശനി എന്നീ ദിവസങ്ങളിൽ ഗർഭിണികൾക്കും കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. മാസം തോറും സബ് സെൻററുകളിൽ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. 2021 - ലെ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 2.24 കോടി ചെലവിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭഘട്ടം ഫൗണ്ടേഷൻ വർക്കുകൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെന്ററിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഡോക്ടർമാരുടേയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും അപര്യാപ്തത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (ബി) | 24x7 കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്ന പാങ്ങപ്പാറ ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഡോക്ടർമാർ 2, നേഴ്സിംഗ് ഓഫീസർമാർ 4, ഫാർമസിസ്റ്റ് 2, ലാബ്ടെക്നീഷ്യൻ 2, നഴ്സിംഗ് അസിസ്റ്റന്റ് 2, ആശുപത്രി അറ്റൻഡർ 6, എന്നീ ജീവനക്കാരാണുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം നഗരസഭ, ദേശീയ ആരോഗ്യ ദൗത്യം എന്നിവ സംയുക്തമായി രോഗികൾക്ക് 24x7 സേവനങ്ങൾ നൽകുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | അപര്യാപ്തത മറികടക്കാനും മികച്ച ചികിത്സ നൽകുവാനും സാധിക്കുന്നുണ്ട്. |
| (സി) | ഈ ആരോഗ്യ കേന്ദ്രത്തിന്റെ സമീപത്തെ നഗരസഭാ വാർഡുകളായ കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം എന്നീ വാർഡുകളെ പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | തിരുവനന്തപുരം നഗരസഭയിലെ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം എന്നിവ നിലവിൽ പുത്തൻതോപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് കീഴിൽ വരുന്ന വാർഡുകളാണ്. ടി വാർഡുകൾ പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള വാർഡുകളിൽ നിന്നും വളരെയധികം ദൂരപരിധിയിലുള്ളവയാണ്. പാങ്ങാപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലേക്ക് തിരുവനന്തപുരം നഗരസഭയിലെ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം വാർഡുകളെ കൂടി ഉൾപ്പെടുത്തുന്നതിന് ടി സ്ഥാപനത്തിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. മാത്രവുമല്ല, ടി വാർഡുകൾക്കായുള്ള പുത്തൻതോപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ തുടർ പ്രവർത്തനവും ടി സ്ഥാപനത്തിലെ ജീവനക്കാരുടെ പുനർവിന്യാസവും എപ്രകാരമായിരിക്കണമെന്നതിൽ വിശദമായ പരിശോധനയും ആവശ്യമാണ്. |
| (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പരിശീലന കേന്ദ്രമായ പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിനെ നിലവിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം പട്ടികയിൽ നിന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | നിലവിൽ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന ആർദ്രം പദ്ധതി പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന് കീഴിൽ ഒരു കുടുംബാരോഗ്യ കേന്ദ്രം, ബ്ലോക്കിന് കീഴിൽ ഒരു ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രം, ഒരു താലൂക്കിന് കീഴിൽ താലൂക്ക് തല ആശുപത്രി, ജില്ലയിൽ ജില്ലാ തല ആശുപത്രി എന്നിവ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ആയതിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തെ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ ആക്കി മാറ്റിയിട്ടുള്ളത്. മാത്രവുമല്ല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിച്ച് സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും അധിക ജീവനക്കാരുമാവശ്യമാണ്. അതിനാൽ ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഇ) | പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി എപ്പോൾ മാറ്റാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) | മറുപടി ഡി പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ